പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8272 | 17.07.2014 ലെ മറുപടിയ്ക്ക്

## അന്യ സംസ്ഥാന ടൂറിസ്റ്റുകളെയും വിദേശ ടൂറിസ്റ്റുകളെയും ആകർഷിക്കുന്നതിനായി നടപടി

| ചോദ്യം<br>ശ്രീ. എം.ഹംസ | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | അന്യസംസ്ഥാന ടൂറിസ്റ്റുകളെയും വിദേശ ടൂറിസ്റ്റുകളെയും ആകർഷിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും അതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ; 01.07.2011 മുതൽ 31.3.2014 വരെ എത്ര തുക ചെലവഴിച്ചുവെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ; | എ) | അന്താരാഷ്ട്ര വിനോദസഞ്ചാരികളെ കേരളത്തിലേക്കാകർഷിക്കുന്നതിനായി ഈ വർഷം 8 അന്താരാഷ്ട്ര വ്യാപാരമേളകളിലും 13 റോഡ് ഷോകളിലും ടൂറിസം വകുപ്പ് പങ്കെടുക്കുന്നു.<br>ആഭ്യന്തര വിനോദസഞ്ചാരം പരിപോഷിപ്പിക്കുന്നതിനായി ഈ സാമ്പത്തികവർഷം 31 ദേശീയ വ്യാപാര മേളകളിൽ ടൂറിസം വകുപ്പ് സജീവമായി പങ്കെടുക്കുന്നു. കൂടാതെ 20 റോഡ് ഷോകളും വകുപ്പ് സംഘടിപ്പിക്കുന്നു. ഇന്ത്യയിലെ പ്രധാനപ്പെട്ട എയർപോർട്ടുകളിൽ എയർപോർട്ട് ഡിസ്പ്ലേ, മിഡിൽ ഈസ്റ്റ് രാജ്യങ്ങളെ ഉൾപ്പെടുത്തി അൽ ജസീറ ചാനൽ വഴിയുള്ള പരസ്യ പ്രചരണം, മധ്യേഷ്യൻ രാജ്യങ്ങളിലെ എയർപോർട്ടുകളിൽ ഡിസ്പ്ലേ, കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങളായ സുഗന്ധ വ്യഞ്ജനങ്ങളുടെ പ്രസിദ്ധിയും മേന്മയും ലോകമെമ്പാടും പ്രചരിപ്പിക്കുന്നതിനുള്ള നടപടികൾ എന്നിവ സ്വീകരിച്ചു വരുന്നു.<br>സംസ്ഥാന പ്രാദേശിക തലങ്ങളിൽ ഓണം വാരാഘോഷം, ഉത്സവം, നിശാഗന്ധി നൃത്തോത്സവം എന്നിവയിലൂടെ വിനോദസഞ്ചാരം പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ നിശാഗന്ധി നൃത്തോത്സവം യു-ട്യൂബിലൂടെ ലോകമെമ്പാടും തത്സമയ സംപ്രേക്ഷണം നടത്തുന്നു. കൂടാതെ ബ്ലോഗേഴ്സ് ക്യാമ്പ്, ഓൺ ലൈൻ പെയിന്റിംഗ് കോംപറ്റീഷൻ, കേരളത്തിന്റെ തനതായ ഉത്സവങ്ങളും കലകളും മറ്റും ഉൾക്കൊള്ളുന്ന പുതിയ വീഡിയോ, സി.ഡി. നിർമ്മാണം, ഏരിയൽ ഷൂട്ട് മുഖേന കേരള ഗ്രേറ്റ് ബാക്ക് വാട്ടേഴ്സ് എന്ന പേരിൽ പുതിയ വീഡിയോ ചിത്രം, കൂടാതെ സ്പൈസ് റൂട്ട് എന്ന പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ എന്നിവ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സ്പൈസ് റൂട്ട് ബ്രോഷർ പ്രിന്റ് ചെയ്തു കഴിഞ്ഞു. കേരളത്തിലെ വിനോദ സഞ്ചാര മേഖലയിൽ ഒരു നൂതന ടൂറിസം ഉത്പന്നം എന്ന ഉദ്ദേശത്തോടു കൂടി അവതരിപ്പിച്ചിട്ടുള്ള പദ്ധതിയാണ് കേരള സീപ്ലെയിൻ സർവ്വീസ്.<br>മൺസൂൺ കാമ്പയിൻ, ആയുർവേദ കാമ്പയിൻ, ബാക്ക് വാട്ടർ കാമ്പയിൻ, നാഷണൽ & ഇന്റർനാഷണൽ ബ്രാന്റ് കാമ്പയിൻ, ബേക്കൽ കാമ്പയിൻ എന്നിവ, വിവിധ ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങൾ എന്നിവ വഴി പരസ്യ പ്രചരണം നടത്തിവരുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ കേരളത്തിനു പുറത്തും, വിദേശ രാജ്യങ്ങളിലും വിവിധ ദൃശ്യ-ശ്രാവ്യ അച്ചടി മാദ്ധ്യമങ്ങൾ, ഇന്റർനെറ്റ്, സോഷ്യൽ മീഡിയ ഫേസ്ബുക്ക് തുടങ്ങിയ ഡിജിറ്റൽ സംവിധാനങ്ങൾ മുഖേനയുള്ള പരസ്യങ്ങൾ നടപ്പിലാക്കി വരുന്നു.<br>2013-ൽ ജപ്പാനിലെ ജപ്പാൻ അസോസിയേഷൻ ഓഫ് ട്രാവൽ ഏജന്റ്സ് (ജെ.എ.റ്റി.എ) ഫെയറിൽ കേരള ടൂറിസം പങ്കെടുക്കുകയുണ്ടായി. 2014 ജനുവരിയിൽ ഫിൻലാൻഡിലെ MATKA ട്രാവൽ ഫെയറിൽ പങ്കെടുക്കുകയുണ്ടായി. 2014 ൽ ജപ്പാനിലെ ജെ.എ.ടി.എ. ടൂറിസം മേളയിൽ കേരള ടൂറിസം വീണ്ടും പങ്കെടുക്കുന്നുണ്ട്. കൂടാതെ വിസ ഓൺ അറൈവൽ സംവിധാനത്തിൽ വരുന്ന രാജ്യമായ ഫിൻലാൻഡിലെ ഹെൽസിങ്കിയിൽ ഒരു റോഡ്ഷോയും ഈ വർഷം നടത്തുന്നതോടൊപ്പം പുതുതായി ഹംഗറി, മലേഷ്യ, ന്യൂസിലാന്റ് എന്നീ രാജ്യങ്ങളിലും വകുപ്പ് ഈ വർഷം നടക്കുന്ന മേളകളിൽ പങ്കെടുക്കുന്നുണ്ട്.<br>കേരളത്തിനു വിപണി സാധ്യതയുണ്ടെന്ന് വ്യക്തമായിട്ടുള്ള ജപ്പാൻ, സിംഗപ്പൂർ, ഫിൻലാൻഡ്, ലക്സംബർഗ്ഗ് , ന്യൂസിലാന്റ്, ഫിലിപ്പീൻസ്, കംബോഡിയ, ലാവോസ്, വിയറ്റ്നാം, മ്യാൻമാർ, ഇൻഡോനേഷ്യ, സൗത്ത് കൊറിയ എന്നീ രാജ്യങ്ങളിൽ നിന്ന് കേരളത്തിലെത്തുന്ന സഞ്ചാരികൾക്ക് തിരുവനന്തപുരം, കൊച്ചി, വിമാനത്താവളങ്ങളിൽ നിന്നു തന്നെ ടൂറിസ്റ്റ് വിസ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 'വിസ ഓൺ അറൈവൽ' എന്ന സംവിധാനം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രസ്തുത സംവിധാനത്തിന്റെ പ്രചാരണത്തിനായി മേഖലയിലെ അനന്ത സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനു വേണ്ടി വിനോദസഞ്ചാര വകുപ്പ് 'കം-ടു-കേരള' എന്ന പേരിൽ ഒരു ഓൺലൈൻ മൽസര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത രാജ്യങ്ങളിൽ നിന്നും വരുന്ന സഞ്ചാരികൾക്ക് കേരളത്തിന്റെ വൈവിധ്യമാർന്ന കാഴ്ചകളും സംസ്കാരങ്ങളും രുചികളും പരിചയപ്പെടുത്തുക എന്ന കാഴ്ചപ്പാടോടുകൂടിയാണ് അത് വിഭാവനം ചെയ്തിട്ടുള്ളത്. ഫെയ്സ്ബുക്ക്, ടിറ്റർ, ഗൂഗിൾ പ്ലസ്, ഇൻസ്റ്റാഗ്രാം, പിന്റ്റെസ്റ്റ്, തുടങ്ങിയ സോഷ്യൽ മീഡിയ സൈറ്റുകളിലൂടെയുള്ള പ്രചാരണമാണ് ഇതുവഴി ഉദ്ദേശിക്കുന്നത്.<br>സാമ്പത്തികവർഷാടിസ്ഥാനത്തിലുള്ള കണക്കാണ് ലഭ്യമായിട്ടുള്ളത്. ഇതനുസരിച്ച് 01.04.2011 മുതൽ 31.3.2012 വരെ 36.49 കോടി രൂപ, 01.04.2012 മുതൽ 31.3.2013 വരെ 57.5 കോടി രൂപ, 01.04.2013 മുതൽ 31.3.2014 വരെ 53.23 കോടി രൂപ എന്നീ തുകകളാണ് കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ചെലവഴിച്ചിട്ടുള്ളത്. |
| ബി) | വിനോദസഞ്ചാര സ്ഥാപനങ്ങളുടെ ആധുനികവൽക്കരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ; | ബി) | വിനോദസഞ്ചാര സ്ഥാപനങ്ങളുടെ ആധുനികവത്ക്കരണത്തിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോവളം. ഫോർട്ട് കൊച്ചി, കനകക്കുന്ന് എന്നീ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലും കേരളത്തിലെ എല്ലാ വിമാനത്താവളങ്ങളിലും ആധുനിക ഇൻഫർമേഷൻ സെന്ററുകളും സന്ദർശന സൗകര്യവും ഒരുക്കുവാൻ ടൂറിസം വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ കേരളത്തിലെ എല്ലാ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ചു വരുന്നു. |
| സി) | സംസ്ഥാനത്ത് 01.07.2011 മുതൽ 31.3.2014 വരെ സന്ദർശിച്ച ടൂറിസ്റ്റുകളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; അതിൽ ആഭ്യന്തര വിദേശ ടൂറിസ്റ്റുകളുടെ കണക്ക് പ്രത്യേകം പ്രത്യേകം നൽകാമോ; | സി) | 01.07.2011 മുതൽ 31.3.2014 വരെ 2,86,07,007 ആഭ്യന്തര ടൂറിസ്റ്റുകളും 23,25,699 വിദേശ ടൂറിസ്റ്റുകളും കേരളം സന്ദർശിച്ചിട്ടുണ്ട്.<br>വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>വർഷം — വിദേശ ടൂറിസ്റ്റുകൾ — ആഭ്യന്തര ടൂറിസ്റ്റുകൾ<br>2011 — 7,32,985 — 93,81,455<br>2012 — 7,93,696 — 1,00,76,854<br>2013 — 8,58,143 — 1,08,57,811 |
| ഡി) | സംസ്ഥാനത്തെ ടൂറിസ്റ്റ് സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ? | ഡി) | സംസ്ഥാനത്തെ ടൂറിസ്റ്റ് സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ടൂറിസ്റ്റുകൾക്കായി താഴെ പറയുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു.<br>1. Hope on Hope off water transport at Kochi<br>2. Sea Plane project<br>3. Visa on arrival<br>4. Wayside sign boards<br>5. Modern Information Centres at Major Tourist destinations<br>താമസസൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി ഹോംസ്റ്റേ, സർവ്വീസ് വില്ല എന്നിവയുടെ ക്ലാസിഫിക്കേഷനും അപ്രൂവലും സർക്കാർ നടപ്പിലാക്കി വരുന്നു. ടൂറിസ്റ്റുകൾക്കായി താമസസൗകര്യം ഒരുക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്വകാര്യ സംരംഭകർക്ക് മുതൽമുടക്കിന്റെ 10% സബ്സിഡിയായി നൽകി വരുന്നു. അതോടൊപ്പം ആയുർവേദ സെന്ററുകളുടെ ക്ലാസിഫിക്കേഷനും നടപ്പിലാക്കി വരുന്നു. |

| വർഷം | വിദേശ ടൂറിസ്റ്റുകൾ | ആഭ്യന്തര ടൂറിസ്റ്റുകൾ |
|---|---|---|
| 2011 | 7,32,985 | 93,81,455 |
| 2012 | 7,93,696 | 1,00,76,854 |
| 2013 | 8,58,143 | 1,08,57,811 |

സെക്ഷൻ ഓഫീസർ